(1) ചെമ്പുകടവ്-ഒന്നാംഘട്ടം -2.7 മെഗാവാട്ട്

(2) ചെമ്പുകടവ്-രണ്ടാംഘട്ടം -3.75 മെഗാവാട്ട്

(3) ഉറുമി-ഒന്നാംഘട്ടം -3.75 മെഗാവാട്ട്

(4) ഉറുമി-രണ്ടാംഘട്ടം -2.40 മെഗാവാട്ട്

(ഡി) പദ്ധതി പൂർത്തിയാക്കി വൈദ്യുതി ഉൽപ്പാദിക്കപ്പെടുമ്പോൾ ഉള്ള മൊത്തം ചെലവ് കണക്കാക്കിയാലേ ഇത് അറിയാനാവൂ.

(ഇ) ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു.

(എഫ്) വൈദ്യുതി ബോർഡിലെ സാങ്കേതിക വിദഗ്ദ്ധരുടെയും സാമ്പത്തിക വിദഗ്ദ്ധരുടെയും അഭിപ്രായം സ്വരൂപിച്ചുകൊണ്ട് കരാറിന് അന്തിമ രൂപം നൽകി വരുന്നു.

(ജി) കരാറിന് രൂപം നൽകി വരുന്നതേയുള്ളൂ.

58 (224) ചെറുകിട വൈദ്യുതി നിലയങ്ങൾ ചൈനീസ് സഹകരണത്തിൽ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വൈദ്യുതി നിലയങ്ങൾ ചൈനീസ് സഹകരണത്തോടെ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ചൈനീസ് സഹകരണത്തിന്റെ വ്യാപ്തി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചൈനീസ് സഹകരണത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം ഒരു മെഗാവാട്ടിനുള്ള നിർമ്മാണചെലവിലെ ലാഭം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഇതിനുള്ള ധാരണപത്രവും കരാറും ഒപ്പുവച്ചു കഴിഞ്ഞോ;

(എഫ്) കരാർ ഒപ്പുവയ്ക്കുന്നതിനു മുമ്പ് ഏതെല്ലാം വിദഗ്ദ്ധരുടെ അഭിപ്രായം സ്വരൂപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) വിദഗ്ദ്ധരുടെ അഭിപ്രായം കണക്കിലെടുത്ത് കരാറിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ ചൈനയിൽ നിന്നും സാമ്പത്തികവും സാങ്കേതികവുമായ സഹകരണം ലഭ്യമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചൈനീസ് സഹകരണത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയിൽ താഴെപറയുന്ന നാലു പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

1.	ചെമ്പുകടവ്	:	ഒന്നാം ഘട്ടം	:	2.7 മെ.വാട്ട്
2.	ചെമ്പുകടവ്	:	രണ്ടാം ഘട്ടം	:	3.75 മെ.വാട്ട്
3.	ഉറുമി	:	ഒന്നാം ഘട്ടം	:	3.75 മെ.വാട്ട്
4.	ഉറുമി	:	രണ്ടാം ഘട്ടം	:	2.40 മെ.വാട്ട്

(ഡി) പദ്ധതി പൂർത്തിയാക്കി വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ ഉള്ള മൊത്തം ചെലവ് കണക്കിയാലേ ഇത് അറിക്കാനാവൂ.

(ഇ) ധാരണപത്രം ഒപ്പു വച്ചുകഴിഞ്ഞു.

(എഫ്) വൈദ്യുതി ബോർഡിലെ സാങ്കേതിക വിദഗ്ദ്ധരുടെയും സാമ്പത്തിക വിദഗ്ദ്ധരുടെയും അഭിപ്രായം സ്വരൂപിച്ചുകൊണ്ടു കരാറിന് അന്തിമ രൂപം നൽകി വരുന്നു.

(ജി) കരാറിന് രൂപം നൽകി വരുന്നതേയുള്ളൂ.

59 (225) വിദ്യുച്ഛക്തി ഉൽപ്പാദന വിതരണ മേഖലയിലെ പുരോഗതി

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യുച്ഛക്തി ഉൽപ്പാദന വിതരണ മേഖലയിലെ പുരോഗതിക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ഇപ്പോൾ ലോഡ്ഷെഡിംഗ് നിലവിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ലോഡ്ഷെഡിംഗ് പൂർണ്ണമായി പിൻവലിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി) ജില്ല ആസ്ഥാനങ്ങളൊഴികെ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽ പീക്ക് ലോഡ് സമയത്ത് അര മണിക്കൂർ ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അവധി ദിവസങ്ങളിൽ ലോഡ്ഷെഡിംഗ് ഒഴിവാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly